DESPATCHED
On..11/2/22..

25.01.22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

## ഹർജി നമ്പർ **AP No. 1275 (4)/ 19**/*എസ്.ഐ.സി.*

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

(ഫയൽ നം.10874 /*എസ്.ഐ.സി-ജി2/2019*)

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി:25.01.2022**

ശ്രീ.പി.എം.മുഹമ്മദ് അൻവർ,
12/562, മിന്ന ഹൗസ്,
കുറ്റിച്ചിറ ഹെഡ് പോസ്റ്റ് ഓഫീസ്,
കോഴിക്കോട് - 673 001. — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ,
കേരള സ്റ്റേറ്റ് വഖഫ് ബോർഡ്,
പ്രാദേശിക കാര്യാലയം,
കോഴിക്കോട്- 673 001. — എതിർകക്ഷികൾ

2. അപ്പീൽ അധികാരി &
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
കേരള സ്റ്റേറ്റ് വഖഫ് ബോർഡ്,
കലൂർ, കൊച്ചി-17.

### അന്തിമ ഉത്തരവ്

ടി അപ്പീൽ ഹർജിയിൽ കമ്മീഷൻ 16.03.2021 ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകേണ്ടിയിരുന്ന സമയത്ത് ഇതുമായി ബന്ധപ്പെട്ട വഖഫ് ട്രിബ്യൂണലിൽ കേസ് നിലനിൽക്കുന്നുണ്ടായിരുന്നുവെന്നും, അതുകൊണ്ടാണത് നൽകാൻ കഴിയാതെ വന്നതെന്നും ഒന്നാം എതിർകക്ഷി മൊഴി നൽകിയിരുന്നു. എന്നാൽ, ഇതിൽ അപ്പീൽ ഹർജിക്കാരൻ സംശയം പ്രകടിപ്പിക്കുകയുണ്ടായി. കേസിന്റെ വിധി വന്ന തീയതിയുമായി ബന്ധപ്പെടുത്തി പരിശോധിക്കുമ്പോൾ, ഒന്നാം എതിർകക്ഷി

പറഞ്ഞത് വസ്തുതാപരമാണെന്ന് കരുതാമെങ്കിലും, ഇതു സംബന്ധിച്ച് കമ്മീഷന് ടിയാൻ സത്യവാങ്മൂലം സമർപ്പിക്കണമെന്നായിരുന്നു കമ്മീഷന്റെ ഉത്തരവ്.

ഇതിൻപ്രകാരം ഒന്നാം എതിർകക്ഷി 03.04.2021 ൽ കമ്മീഷന് സത്യവാങ്മൂലം സമർപ്പിച്ചു. സത്യവാങ്മൂലം അനുസരിച്ച്, അപേക്ഷയുമായി ബന്ധപ്പെട്ട് കേസില്ലാ എന്ന അപ്പീൽ ഹർജിക്കാരന്റെ വാദം ശരിയല്ലെന്നും, കേസിൽ ഉത്തരവ് വന്നിട്ടുള്ളത് അപേക്ഷ നൽകി മാസങ്ങൾക്കു ശേഷം ആണ് എന്നും കമ്മീഷൻ മനസ്സിലാക്കുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേ ദിവസം 25.01.2022 ന് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

Va